**Desabhimani**

**27 August 2018**

**Puthupally, After Flood, Flood Relief**



# 18 സെന്റ് സ്ഥലം നൽകാമെന്ന് പ്രവാസി

**പുതുപ്പള്ളി**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കുടുംബവിഹിതമായി കിട്ടിയ 18 സെന്റ് സ്ഥലം 'വിട്ടുനൽകാൻ തയ്യാറാണെന്ന് പ്രവാസിയായ പുതുപ്പള്ളി പയ്യപ്പാടി പാലാക്കുന്നേൽ ഷാജൻ സിപിഐ എം പുതുപ്പള്ളി ഏരിയ കമ്മിറ്റിയെ അറിയിച്ചു. പയ്യപ്പാടി കവലയ്ക്ക് സമീപമുള്ള സ്ഥലം വിട്ടുനൽകാമെന്നാണ് അറിയിച്ചത്. ദുരിതബാധിതർക്ക് വീട് നിർമിച്ചുനൽകാൻ സിപിഐ എമ്മിനോ സർക്കാരിനോ സ്ഥലം എഴുതി നൽകാൻ തയ്യാറാണെന്ന് ഷാജൻ അറിയിച്ചതായി ഏരിയ സെക്രട്ടറി സുഭാഷ് പി വർഗീസ് പറഞ്ഞു. ഒരു സെന്റിന് ഈ പ്രദേശത്ത് ഒന്നരലക്ഷം രൂപ വിലയുണ്ട്. ഗൾഫിൽ ബിസിനസ് നടത്തിയിരുന്ന ഷാജൻ തിങ്കളാഴ്ച നാട്ടിലെത്തും.